ഭാരതീയ റിസർവ് ബാങ്ക്
RESERVE BANK OF INDIA
വെബ്സൈറ്റ് : www.rbi.org.in/hindi
Website : www.rbi.org.in
ഇ-മെയിൽ : helpdoc@rbi.org.in

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001
DEPARTMENT OF COMMUNICATION, Central Office, S.B.S. Marg, Mumbai - 400 001
Phone : 91 22 2266 0502 Fax : 91 22 22660358

ഡിസംബർ 24, 2018

**ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 (എഎസിഎസ്) ലെ സെക്ഷൻ 35 എ പ്രകാരമുള്ള ആജ്ഞാപനങ്ങൾ - ശ്രീ ഗണേഷ് സഹകാരി ബാങ്ക് ലിമിറ്റഡ്, നാസിക്, മഹാരാഷ്ട്ര - കാലാവധി ദീർഘിപ്പിക്കൽ**

ഭാരതീയ റിസർവ് ബാങ്ക്, ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 (എഎസിഎസ്) ലെ സെക്ഷൻ 56 നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 35 എ യുടെ സബ്സെക്ഷൻ (1) പ്രകാരം നിക്ഷിപ്തമായിരിക്കുന്ന അതിന്റെ അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ട്, പൊതു താൽപര്യാർത്ഥം, 2013 ഏപ്രിൽ 01 ലെ ബിസിനസ് സമയം അവസാനിച്ചത് മുതൽക്ക് പ്രാബല്യത്തിൽ വരുംവിധം ശ്രീ ഗണേഷ് സഹകാരി ബാങ്ക് ലിമിറ്റഡ്, നാസിക്, മഹാരാഷ്ട്ര-യ്ക്ക് ആജ്ഞാപനങ്ങൾ നൽകിയിരുന്നു. ഭാരതീയ റിസർവ് ബാങ്ക് ഇപ്പോൾ ഈ ആജ്ഞാപനങ്ങൾ 2018 ഡിസംബർ മുതൽക്ക് 2019 മാർച്ച് 28 വരെയുള്ള മൂന്ന് മാസക്കാലത്തേക്ക് നീട്ടിയിരിക്കുന്നു. ആജ്ഞാപനത്തിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ പരിശോധനയ്ക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. സാഹചര്യങ്ങളെ ആശ്രയിച്ച് ആജ്ഞാപനങ്ങളിൽ ഭേദഗതികൾ ഏർപ്പെടുത്തുന്നത് ഭാരതീയ റിസർവ് ബാങ്ക് പരിഗണിക്കുന്നതാണ്. റിസർവ് ബാങ്ക് ഈ ആജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിനെ മേൽപ്പറഞ്ഞ ബാങ്കിന് നൽകിയിരുന്ന ബാങ്കിങ് ലൈസൻസിന്റെ റദ്ദാക്കലായി പ്രകൃത്യാ വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല. ബാങ്കിന്റെ ധനകാര്യസ്ഥിതി മെച്ചപ്പെടുന്നത് വരെയ്ക്കും നിയന്ത്രണങ്ങൾക്ക് വിധേയമായി ബാങ്കിങ് ബിസിനസ് തുടർന്നു പോകുന്നതായിരിക്കും.

**അനിരുദ്ധ ഡി. ജാദവ്**
അസിസ്റ്റന്റ് മാനേജർ

**പ്രസ് റിലീസ്: 2018-2019/1448**